(ബി) സിനിമാ മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് തൊഴിൽ നിയമങ്ങൾ ബാധകമാക്കുമോ;

(സി) സിനിമാ സംഘടനകളുടെ മേൽ ഏതെല്ലാം തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്താനാണ് ആലോചിക്കുന്നത്;

(ഡി) സിനിമാ മേഖലയിലെ ക്രിമിനൽവൽക്കരണം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ-ഡി) സിനിമാ മേഖലയിലെ അനഭിലഷണീയമായ പ്രവണതകൾ, ക്രിമിനൽ വൽക്കരണം എന്നിവ ഒഴിവാക്കുന്നതിനും സിനിമാമേഖലയിൽ തൊഴിലെടുക്കുന്നവർക്ക് തൊഴിൽ നിയമങ്ങൾ ബാധകമാക്കുക, സിനിമാ സംഘടനകൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക എന്നിവ ഉൾപ്പെടെ ഒരു നിയമനിർമ്മാണം നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സിനിമാരംഗത്ത് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നതിനായി രൂപീകരിക്കപ്പെട്ട വിമൺ കളക്ടീവ് ഇൻ സിനിമ എന്ന സംഘടനയുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായി ഒരു വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. സിനിമ നിർമ്മാണം, വിതരണം, പ്രദർശനം തുടങ്ങിയ സമസ്ത മേഖലകളെയും ഉൾക്കൊള്ളിച്ചു കൊണ്ടും നിലവിലെ സിനിമാ റഗുലേഷൻ ആക്ടിൽ അധികാരം നൽകിയിട്ടുള്ള എല്ലാ വകുപ്പുകളുടെയും പ്രതിനിധികളും സിനിമാ വ്യവസായത്തിലെ പ്രധാന സംഘടനകളുടെ പ്രതിനിധികളും നിയമോപദേഷ്ടാക്കളും സർക്കാർ പ്രതിനിധികളും ഉൾപ്പെടുന്നതായ ഒരു അതോറിറ്റി രൂപീകരിക്കണമെന്ന അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ 'സിനിമാ റഗുലേറ്ററി അതോറിറ്റി' രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

**ജലവിഭവ വകുപ്പ് പുനഃസംഘടന**

30 (*90) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പുനഃസംഘടനയിലൂടെ ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ എന്തൊക്കെ തരത്തിലുള്ള മാറ്റങ്ങൾ കൊണ്ടുവരുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ&ബി) ജലവിഭവ വകുപ്പിനുകീഴിലുള്ള ജലസേചന വകുപ്പ് പുനഃസംഘടിപ്പിക്കാൻ ആലോചനകൾ നടന്നുവരുന്നുണ്ട്. ജലസേചന വകുപ്പിന്റെ ചുമതലകൾ വിവിധ മേഖലകളിലേയ്ക്ക് വ്യാപിച്ചുവരുന്നതിനാൽ വകുപ്പ് പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. കേരള ജലസ്രോതസ്സുകൾ മുഴുവൻ ജനങ്ങൾക്കും കൃഷിക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ ഈ വകുപ്പ് നദീതട അടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. വകുപ്പിലെ 17 ശതമാനം ജീവനക്കാരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിച്ചതിനാൽ നിലവിലുള്ള ജീവനക്കാരെ ശരിയായ രീതിയിൽ പുനഃക്രമീകരിക്കുന്നതിനുള്ള നടപടിയെടുത്തുവരുന്നു. നിലവിലെ ജലസേചന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക, ജലസേചന പ്രവൃത്തികളുടെ ഗുണനിലവാരം ഉയർത്തുക, ഇ-ഗവേണൻസിലൂടെ ഭരണ നിർവ്വഹണ നിലവാരം ഉയർത്തുക, അന്തർസംസ്ഥാന ജല പ്രശ്നങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുക, കൂടുതൽ കേന്ദ്ര ഫണ്ടുകൾ ലഭ്യമാക്കി ജലസേചന പദ്ധതികൾ വിപുലീകരിക്കുക, ഡാം സുരക്ഷ, ഡ്രിപ് എന്നിവയിൽ അധിക ശ്രദ്ധ ചെലുത്തുക തുടങ്ങിയവ മുൻനിർത്തി നിലവിലുള്ള ജലദൗർലഭ്യത്തിന് പരിഹാരം കാണുക, ജലസംരക്ഷണത്തിന് മുൻതൂക്കം നൽകുക എന്നീ ലക്ഷ്യങ്ങൾ കൂടുതൽ കാര്യക്ഷമമായി കൈവരിക്കുക എന്നതാണ് പുനഃസംഘടനയിലൂടെ ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്കായി വകുപ്പിന്റെ പ്രവർത്തനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചുള്ള സമഗ്ര ചർച്ചകൾ വിവിധ തലങ്ങളിൽ നടന്നുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഭവന നിർമ്മാണ ധനസഹായം

1(699) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം ഭവന നിർമ്മാണ ധനസഹായം പദ്ധതിയിൽ എത്ര പട്ടികജാതി വിഭാഗക്കാർക്ക് തുക അനുവദിച്ചു;

(ബി) ഓരോരുത്തർക്കും അനുവദിക്കുന്ന തുക എത്രയാണ്; ആകെ എത്ര തുക അനുവദിച്ചു; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം 14,946 വീടുകൾക്ക് അനുമതി നൽകിയതിൽ 14,614 പേർക്ക് ഒന്നാം ഗഡുവും ഒന്നാം ഗഡു കൈപ്പറ്റിയവരിൽ 5680 പേർക്ക് രണ്ടാം ഗഡുവും രണ്ടാം ഗഡു കൈപ്പറ്റിയവരിൽ 2419 പേർക്ക് മൂന്നാം ഗഡുവും പ്രവൃത്തി പൂർത്തിയായ 967 പേർക്ക് 4-ാം ഗഡുവും ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly